# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3441 — 12/12/2014 ലെ മറുപടിക്ക്

## ഹോർട്ടി കോർപ്പിന്റെ പച്ചക്കറി സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറി മുഴുവൻ ഹോർട്ടി-കോർപ്പ് സംഭരിക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കേരളത്തിൽനിന്നും എത്ര പച്ചക്കറിയാണ് സംഭരിച്ചതെന്ന് ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ; | എ) | സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, സംഘമൈത്രി, കാർഷികമൊത്ത് വ്യാപാര വിപണികൾ,വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ, പ്രിയദർശിനി കർഷകസംഘം, വയനാട് എന്നിവിടങ്ങളിൽ നിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് വരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| ബി) | കഴിഞ്ഞ മൂന്നുവർഷങ്ങളിൽ കേരളത്തിനുപുറത്ത് ഹോർട്ടി-കോർപ്പ് സംഭരിച്ച പച്ചക്കറിയുടെ അളവ് വ്യക്തമാക്കുമോ ; | ബി) | 2012-13 വർഷം - 7428 ടൺ<br>2013-14 വർഷം - 14224 ടൺ<br>2014-15 വർഷം - 13915 ടൺ |
| സി) | സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ ടൺ കണക്കിനു പച്ചക്കറി സംഭരിക്കാൻ സംവിധാനമില്ലാതെ നശിച്ചുപോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ അതിർത്തി ജില്ലയായ ഇടുക്കിയിലെ വട്ടവട, കാന്തല്ലൂർ എന്നീ പ്രദേശങ്ങളിൽ നിന്നും ഉരുളക്കിഴങ്ങും ക്യാരറ്റും ക്യാബേജും കർഷകർക്ക് ന്യായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചിരുന്നു. ഈ പ്രദേശത്ത് കീടബാധയും മഴയും മൂലം ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മ ഇല്ലാതായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നിന്ന് തക്കാളി ഉൾപ്പെടെയുള്ള മറ്റ് പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ചിരുന്നു. |
| ഡി) | കേരളത്തിലെ അതിർത്തി ജില്ലകളിൽനിന്നും പച്ചക്കറി തമിഴ്നാട്ടിലെ വ്യാപാരികൾ കുറഞ്ഞവിലയ്ക്ക് വാങ്ങി അതുതന്നെ ഹോർട്ടി-കോർപ്പിന് ഉയർന്ന വിലയ്ക്ക് നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കഴിഞ്ഞ 3 വർഷങ്ങളിൽ സംസ്ഥാനത്തിനകത്ത് നിന്ന് സംഭരിച്ച പച്ചക്കറികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | 2012-13 | 2013-14 | 2014-15 |
|---|---|---|---|
| | ആകെ തൂക്കം (ടൺ) | ആകെ തൂക്കം (ടൺ) | ആകെ തൂക്കം (ടൺ) |
| തിരുവനന്തപുരം | 3401.475 | 9048.37567 | 6824.88297 |
| കൊല്ലം | 737.4838 | 1863.01739 | 1342.90936 |
| പത്തനംതിട്ട | 409.4708 | 917.25679 | 524.91913 |
| ആലപ്പുഴ | 2.15977 | 374.04022 | 2287.0118 |
| കോട്ടയം | 521.0915 | 555.69712 | 897.78809 |
| എറണാകുളം | 411.3451 | 16.06007 | 529.4164 |
| തൃശൂർ | -- | 13.21281 | 724.84672 |
| പാലക്കാട് | -- | 318.63336 | 506.92345 |
| കോഴിക്കോട് | 52.0524 | 200.60522 | 100.52477 |
| കണ്ണൂർ | 255.9193 | 551.12136 | 541.18881 |
| ഇടുക്കി | -- | 3.98045 | 10.5885 |
| ആകെ | **5791.00** | **13862.00** | **14291.00** |

സെക്ഷൻ ഓഫീസർ